കൊട്ടിയം കെ.ഐ.പി. കെട്ടിടത്തിൽ സർക്കാർ ഓഫീസുകൾ സ്ഥാപിക്കാൻ നടപടി

42 (1730) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രവർത്തനം അവസാനിപ്പിച്ച കൊട്ടിയം കെ.ഐ.പി. ക്വാർട്ടേഴ്സ് വക കെട്ടിടങ്ങളിൽ സ്ഥലത്തെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഈ ആവശ്യത്തിനായി ബന്ധപ്പെട്ട വകുപ്പുകൾ സമീപിച്ചാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

കടൽഭിത്തി നിർമ്മാണം

43 (1731) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലുൾപ്പെടുന്ന തീരദേശമേഖലകളിൽ ഏതെങ്കിലും ഭാഗത്ത് കടലാക്രമണ ഭീഷണി നേരിടുന്നതിനായി കല്ലിടുക്കുന്നത് സംബന്ധിച്ച് നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു ഭാഗത്താണെന്നും, എത്ര മീറ്റർ നീളത്തിൽ ആണെന്നും ഇത് എന്നത്തേയ്ക്ക് നടപ്പാക്കാനാവുമെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെരുമാതുറയിൽ സി.പി. 5762-ന് തെക്കുഭാഗത്ത് 1000 മീറ്റർ നീളത്തിലും പുതുക്കുറുച്ചിയിൽ സി.പി.5771 എ, 5771 സി എന്നിവയ്ക്കിടയിൽ 150 മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. പെരുമാതുറയിൽ കരാർ നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പുതുക്കുറുച്ചിയിൽ ദർഘാസ് വിളിച്ചിട്ടുണ്ട്. വേളിയിൽ 500 മീറ്റർ കടൽഭിത്തി നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് 'ഫ്ളഡ് കൺട്രോൾ ആന്റ് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി' യുടെ അംഗീകാരത്തിനുവയ്ക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോട്ടച്ചിറ സ്പിൽവേ-കം-ബ്രിഡ്ജ് നിർമ്മാണം

44 (1732) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം മണ്ഡലത്തിലെ തലയാഴം ടി.വി.പുരം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന "കോട്ടച്ചിറ സ്പിൽവേ-കം-ബ്രിഡ്ജ്" നിർമ്മിക്കുന്നതിന് സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly